മെക്സിക്കോയിൽ നടന്നത്

# വെള്ളം മനുഷ്യന്റെ മൗലികാവകാശമല്ല?!

**വി. ഗോപാൽ,** ക്വസ്റ്റ് ഫീച്ചേഴ്സ്

**പ്ലാച്ചിമട, ഏലൂർ, വെള്ളൂർ, കൈന്നൂർ തുടങ്ങിയ സമരങ്ങൾ എല്ലാവരാലും അറിയപ്പെടുന്നു. ജലത്തിനു വേണ്ടിയുള്ള യുദ്ധം നടത്തുന്നത് ബഹുരാഷ്ട്ര കുത്തകകളാണെന്ന് നമ്മളറിയണം. അത് സാധാരണക്കാർക്ക് കുടിവെള്ളം മുട്ടിച്ച് കുത്തകകൾക്ക് കൊള്ളലാഭം ഉണ്ടാക്കുന്ന ലാഭയുദ്ധമത്രെ. കേരളത്തിൽ വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയ ഈ മെക്സിക്കോ ജലസമ്മേളനം ഇനിയുള്ള സമരങ്ങളുടെ ദിശ നിർണ്ണയിക്കുമോ?**

വ്യത്യസ്തമായ ഒരു ജലസംവാദം. 2006 മാർച്ച് മാസത്തിൽ 'മെക്സിക്കോസിറ്റി'യിലാണ് ഇത് അരങ്ങേറിയത്. കേരളത്തിൽ തീരെയും ശ്രദ്ധിക്കാതെ പോയി എന്നതുകൊണ്ടാണ് ഏറെ വൈകിയെങ്കിലും ഈ കുറിപ്പ്.

വൻവ്യവസായികൾ, വൻകിട കർഷകർ, വെള്ളത്തിന്റെ സ്വകാര്യവൽക്കരണവും കച്ചവടവും ആഹ്വാനം ചെയ്യുന്നവർ, വെള്ളം വിറ്റു ലാഭം കൊയ്യുന്നവർ തുടങ്ങിയ സർക്കാരേതരുടെ സൃഷ്ടിയാണ് വേൾഡ് വാട്ടർ കൗൺസിൽ. വളരെ സ്വാഭാവികമായും ലോകബാങ്കും ഇവരോടൊപ്പമുണ്ട്, വളരെ സ്വാഭാവികമായി യു.എൻ.ഒ.യുടെ ചില ഘടകങ്ങളും. വേൾഡ് വാട്ടർ കൗൺസിൽ മൂന്നുവർഷം കൂടുമ്പോൾ നടത്തുന്ന ഒരു സംഗമമാണ് വേൾഡ് വാട്ടർ ഫോറം (ഡബ്ലിയു.ഡബ്ലിയു.എഫ്.). ഈ ഫോറത്തിന്റെ നാലാമത് സംഗമമായിരുന്നു മാർച്ച് 16 മുതൽ 22 വരെ മെക്സിക്കോ സിറ്റിയിൽ നടന്നത്.

അഞ്ചു തടാകങ്ങളുടെ ഒരു ശൃംഖലയ്ക്കു ചുറ്റുമാണ് 'അസെറ്റിക്' റെഡ് ഇന്ത്യൻ വംശജർ തങ്ങളുടെ നഗരം കെട്ടിപ്പടുത്തിരുന്നത്. വെള്ളത്തിന്റെ ഒരൽഭുത ലോകമായിരുന്നു അത്. കനാലുകൾ, ജലധാരകൾ, അക്വാഡക്ടുകൾ, ഒഴുകുന്ന കൃഷിയിടങ്ങൾ. എന്നാൽ യൂറോപ്യൻ അധിനിവേശ ശക്തികൾക്ക് ജലാധിഷ്ഠിതമായ സംസ്കാരത്തോട് യാതൊരു മമതയുമുണ്ടായിരുന്നില്ല. ആ മെക്സിക്കോനഗരം ഇന്ന് വറ്റി വരണ്ടിരിക്കുന്നു. നഗരവാസികൾക്ക് ഒരു ദിവസം ലഭിക്കുന്നത് ശരാശരി 184 ലിറ്റർ വെള്ളം മാത്രം.

മെക്സിക്കോയുടെ ഇതരഭാഗത്തേയ്ക്കും ഒന്നു കണ്ണോടിക്കാം. അവിടെയുമുണ്ട് കൊക്കൊകോള കമ്പനി. 'എക്കാട്ടെപെക്' പ്രവിശ്യയിൽ പ്രവർത്തിക്കുന്ന ഫാക്ടറി ദിവസം 17 ലക്ഷം ലിറ്റർ വെള്ളമൂറ്റുന്നു. അതുമൂലം എക്കാട്ടെപെക്കിലെ 70 ശതമാനം കുടുംബങ്ങളും നിത്യ ജലക്ഷാമത്തിലാണ്. മെക്സിക്കോയിലെ വൻപുഴകൾ ഒഴുകുന്ന 'ചിയാപാസി'ലെ 68 ശതമാനം ജനങ്ങൾക്കും കുടിവെള്ളം ലഭ്യമല്ല. 'കുട്സാമല' നദീതീരത്താണ് മറ്റൊരു റെഡ് ഇൻഡ്യൻ വംശകരായ മജാഹുവാകളുടെ നാട്. അവിടെ നിന്നാണ് നൂറു മൈൽ ദൂരെയുള്ള മെക്സിക്കോ സിറ്റിയിലേയ്ക്ക് ആവശ്യമുള്ള വെള്ളം കൊണ്ടുപോകുന്നത്. കൂറ്റൻ പൈപ്പുകളിലൂടെ ഒരു സെക്കന്റിൽ 16,000 ക്യൂബിക് ലിറ്റർ വെള്ളമാണ് ഒഴുകുന്നത്. എന്നാൽ മജാഹുവാകൾക്ക് കുടിവെള്ളം ലഭ്യമല്ല. അവരുടെ ഗ്രാമങ്ങളിൽ പൈപ്പ് ലൈനുകളുമില്ല. കൂറ്റൻ പൈപ്പുകളുടെ വാൽവുകൾ അടച്ച് പ്രതിഷേധം രേഖപ്പെടുത്താൻ ശ്രമിച്ച പുരുഷന്മാരെ 'നാഷണൽ വാട്ടർ കമ്മീഷൻ' അയച്ച പോലീസ് തടവിലാക്കി. അവരുടെ സ്ത്രീകൾ സംഘടിച്ച് 'മജാഹുവാ ജലപ്രതിരോധ സ്ത്രീ സൈന്യ'ത്തിന് രൂപംകൊടുത്തു.

ഈ പശ്ചാത്തലത്തിലാണ് വേൾഡ് ഫോറത്തിന്റെ സമ്മേളനം മെക്സിക്കോ സിറ്റിയിൽ നടന്നത്. 'ഫ്രഞ്ച് സൂയസ്', 'അഗ്വാസ് ഡിബാർസിലോണാ', 'ബൈ വാട്ടർ', 'തേംസ് റിവർ' തുടങ്ങിയ ആഗോള ജലഭീമന്മാരുടെ സംഘടനയായ 'അക്വാഫെഡ്' ആയിരുന്നു പ്രധാന സംഘാടകർ. പൊതു ജലസ്രോതസ്സുകളിൽനിന്ന് പ്രതിവർഷം 280 ബില്യൺ ലിറ്റർ വെള്ളമൂറ്റുന്ന കൊക്കകോളയായിരുന്നു മറ്റൊരു സ്പോൺസർ.

മെക്സിക്കോയുടെ പ്രസിഡന്റ് വിസാർറ്റ് ഫോക്സ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഇദ്ദേഹം രാഷ്ട്രീയത്തിലിറങ്ങുന്നതിനുമുമ്പ് ആരായിരുന്നെന്നോ? മെക്സിക്കോയിലേയും മദ്ധ്യ അമേരിക്കയിലേയും കൊക്കകോളയുടെ പ്രസിഡന്റ് (ഓപ്പറേഷൻസ്). അസറ്റിക് വംശജർക്ക് വെള്ളവുമായുണ്ടായിരുന്ന ബന്ധമെടുത്തു പറഞ്ഞുകൊണ്ടാണ് അദ്ദേഹം പ്രസംഗം തുടങ്ങിയത്. അവരുടെ രാജാവ് വെള്ളത്തെക്കുറിച്ച് എഴുതിയ കവിതയും ചൊല്ലി. അവരുടെ വെള്ളം മാത്രമല്ല വാക്കുകളും അദ്ദേഹം സ്വന്തമാക്കി. തുടർന്ന് പ്രസംഗിച്ചത് മെക്സിക്കോയുടെ നാഷണൽ വാട്ടർ കമ്മീഷന്റെ ഡയറക്ടർ ക്രിസ്റ്റോബെൽ ജെയിംസ്, മെക്സിക്കോയിലെ കൂറ്റൻ ഡയറി ഫാമുകളുടേയും ഏറ്റവും വലിയ കുപ്പിവെള്ള കമ്പനിയുടെയും ഉടമ. വ്യവസായാവശ്യത്തിനായി മെക്സിക്കോയിൽ ഏറ്റവും കൂടുതൽ വെള്ളമൂറ്റുന്ന ഇദ്ദേഹത്തെ നാഷണൽ വാട്ടർ കമ്മീഷന്റെ ഡയറക്ടറായി നിയമിച്ചത് മെക്സിക്കോയുടെ കൊക്കകോള പ്രസിഡന്റ് തന്നെ!

ഹെയ്റ്റിയിലെ സ്വേച്ഛാധിപതി ബേബി ഡോക്, ഗ്വാട്ടിമാലയിലെ റെയ്സ് മോൺട്, അർജന്റീനയിലെ പട്ടാള ഭരണകൂടങ്ങൾ തുടങ്ങിയ രക്തദാഹികളുടെ 'പബ്ലിസിറ്റി മാനേജരായിരുന്നു' വാഷിംഗ്ടണിലെ 'ബർസൻ ആന്റ് മാസ്റ്റെല്ലർ' ആയിരുന്നു ഫോറത്തിനോടനുബന്ധിച്ചുള്ള പ്രദർശനം സംഘടിപ്പിച്ചത്. ജലസംഭരണ സമിതികൾക്ക് അവിടെ സ്റ്റാളുകളാവാം. ദിവസം 600 ഡോളർ കൊടുക്കണമെന്നുമാത്രം. സമ്മേളന നഗരിയിലേക്ക് പ്രവേശത്തിന് നല്കേണ്ടത് 120 ഡോളർ മാത്രം. തടി തോക്കുകളും കൊടുവാളുകളുമായി 100 മൈൽ മാർച്ച് ചെയ്തുവന്ന മജാഹുവ സ്ത്രീ സൈന്യം പ്രവേശന ഫീസ് കൊടുക്കാനൊന്നും കൂട്ടാക്കിയില്ല. വാട്ടർ കമ്മീഷൻ മേധാവി ജെയിംസിനെ അന്വേഷിച്ച സമ്മേളന നഗരിയിലേക്ക് ഇടിച്ചുകയറി. സുരക്ഷാസൈന്യം അവരുമായി ഏറ്റുമുട്ടി. ഗതാഗതം മണിക്കൂറുകളോളം സ്തംഭിച്ചു.

ലോകത്തിന്റെ പല ഭാഗത്തുനിന്നുമുള്ള ജല-പരിസ്ഥിതി പ്രവർത്തകർ തടിച്ചുകൂടിയിരുന്നു. ലാറ്റിനമേരിക്കയിൽനിന്ന് ഒരു വാട്ടർ ട്രിബ്യൂണലും. 'ഒജിബ്വാ' ഗോത്രത്തിന്റെ ജല സംരക്ഷകയായ ജോസഫൈൻ മൻഡാനിൽ വിളംബരം ചെയ്തു. "വെള്ളം ഭൂമി മാതാവിന്റെ വരദാനമാണ്. അത് ആരുടെയും സ്വന്തമല്ല." കൊച്ചബാംബയുടെ ഓസ്കർ ഒലിവേറയും സമ്മേളന പന്തലിനു പുറത്തുണ്ടായിരുന്നു. "താഴെക്കിടയിലുള്ളവരുടെ ശക്തി വിളിച്ചറിയിക്കുന്നതായിരുന്നു ജലത്തിനുവേണ്ടിയുള്ള ഞങ്ങളുടെ സമരം" അദ്ദേഹം അനുസ്മരിച്ചു. "വെള്ളം വില്പനചരക്കാക്കുന്നവരെ സൂക്ഷിക്കണം. വെള്ളം മനുഷ്യന്റെ മൗലികാവകാശമാണ്."

വേൾഡ് വാട്ടർ ഫോറത്തിന്റെ സമാപന പ്രഖ്യാപനത്തിൽ 'വെള്ളം മനുഷ്യന്റെ മൗലികാവകാശമാണെന്ന വാചകം കൂടി ഉൾപ്പെടുത്തണമെന്ന് സമ്മേളനത്തിൽ ആവശ്യമുയർന്നു. ബൊളീവിയായുടെ ജലസെക്രട്ടറി ആബൽ മമാനിയാണ് ഈ പ്രമേയം അവതരിപ്പിച്ചത്. വെനസൂലയും ക്യൂബയും ഉറുഗ്വേയും മമാനിയ്ക്കൊപ്പം ചേർന്നു. എന്നാൽ അവർക്കു പിടിച്ചുനിൽക്കാനായില്ല. "ജലത്തിന്റെ അവകാശത്തിന് ഈ ഫോറത്തിൽ ഒരു പ്രസക്തിയുമില്ല", ലോകബാങ്കിന്റെ ജമാൽ ഷാഗിർ പത്രക്കാരോട് പറഞ്ഞു. ശുദ്ധജലം ലഭിക്കാത്തതുകൊണ്ടാണ് പ്രതിവർഷം 20 ലക്ഷം കുഞ്ഞുങ്ങൾ മരിക്കുന്നത് എന്ന് മമാനി ചൂണ്ടിക്കാണിച്ചത് തീർത്തും അപമര്യാദയായിപ്പോയി എന്ന് വേൾഡ് വാട്ടർ കൗൺസിലിന്റെ അദ്ധ്യക്ഷൻ ലെയ്ക് ഫൂച്ചൺ ആരോപിച്ചു!

ജലരാക്ഷസന്മാർ ആസൂത്രിതമായി അധികാര സ്ഥാനങ്ങളിൽ നുഴഞ്ഞുകയറുന്നു. 'ലോകജല സമിതി', 'ലോക ജലസഭ' തുടങ്ങി തെറ്റിദ്ധാരണാജനകമായ പേരുകൾ സ്വീകരിക്കുന്നു. ആരുടെ ദാഹജലം കവർന്നെടുക്കുന്നോ അവരുടെ വാക്കുകളും സ്വന്തമാക്കുന്നു. ജലത്തിനുവേണ്ടിയുള്ള യുദ്ധം പുതിയ തലങ്ങളിലേയ്ക്കു കടക്കുന്നു....

*അവലംബം : ജോൺ റോസ്സിന്റെ ലേഖനം, വിവിധ വെബ്സൈറ്റുകൾ. കാസ്റ്റ്, സി.കെ. ലെയിൻ, എസ്.ആർ.എം. റോഡ്, കലൂർ, കൊച്ചി - 18*


## കേരളീയം പ്രത്യേക ലക്കങ്ങൾ പ്രതീക്ഷിക്കുക

- മനുഷ്യബോധം എന്ന അത്ഭുതം
മുഖ്യലേഖനം/പഠനം: കെ.എ. ജയശീലൻ
കുറിപ്പ്, പഠനം, നിരീക്ഷണം, അഭിമുഖം, പുസ്തകപരിചയം, ലേഖനം....
ഗസ്റ്റ് എഡിറ്റർ : മുകുന്ദനുണ്ണി
- ആയുർവ്വേദത്തിന്റെ ആരോഗ്യം?
ഗസ്റ്റ് എഡിറ്റർ : ഡോ. എം. പ്രസാദ്
- സാമ്പത്തിക പതിപ്പ്-ധനകാര്യസ്ഥാപനങ്ങൾ
ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- കുടുംബം, ലൈംഗികത
ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ
- കൃഷിയുടെ വർത്തമാനം, ഭാവി
ഗസ്റ്റ് എഡിറ്റർ : എസ്. ഉഷ
- സഹകരണമേഖല: വർത്തമാനം, ഭാവി





## ഡോക്യുമെന്ററി സിനിമകൾ

**ആയിരം ദിവസവും ഒരു സ്വപ്നവും** (1000 Days & A Dream) - പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പ് നീര്** (പ്ലാച്ചിമട / മലയാളം)

**Bitter Drink** (English) കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.

**ബാക്കിപത്രം**: ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്.

സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം: തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം)
27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം മണിലാൽ.

**പുഴ ജീവനുവേണ്ടി** (River for Life) സംവിധാനം അമിതാബച്ചൻ, 34 മിനിട്ട്.

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി, 30 മിനിട്ട്.

**പുഴയുടെ അവകാശികൾ** (River Dam Damn) സംവിധാനം മണിലാൽ, 24 മിനിട്ട്.

**Source of Life for Sale**, 60 mts., Direction K.P. Sasi

**വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും**

**കേരളീയം**
കൊക്കാലെ, തൃശൂർ 21.
ഫോൺ : 9388872845, 9447674375